## പ്രധാനമന്ത്രിയുടെ ഭൂട്ടാൻ സന്ദർശനം (നവംബർ 11-12, 2025)

നവംബർ 08, 2025

പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി 2025 നവംബർ 11-12 തീയതികളിൽ ഭൂട്ടാനിലേക്ക് ഔദ്യോഗിക സന്ദർശനം നടത്തും. ഇരുരാജ്യങ്ങളും തമ്മിലുള്ള സൗഹൃദത്തിന്റെയും സഹകരണത്തിന്റെയും പ്രത്യേക ബന്ധങ്ങൾ ശക്തിപ്പെടുത്തുക എന്നതാണ് ഈ സന്ദർശത്തിലൂടെ ലക്ഷ്യമിടുന്നത്, കൂടാതെ ഇത് പതിവ് ഉഭയകക്ഷി ഉന്നതതല വിനിമയ സമ്പ്രദായങ്ങൾക്ക് അനുസൃതവുമാണ്.

2.സന്ദർശന വേളയിൽ, ഭൂട്ടാൻ രാജാവായ ജിഗ്മേ ഖേസർ നാംഗ്യേൽ വാങ്ചുക്കുമായി പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും, ഇന്ത്യാ ഗവൺമെന്റും ഭൂട്ടാൻ റോയൽ ഗവൺമെന്റും സംയുക്തമായി വികസിപ്പിച്ച 1020 മെഗാവാട്ട് വരുന്ന പുനാത്സാങ്ചു--II ഹൈഡ്രോഇലക്ട്രിക് പ്രോജക്റ്റ് ഇരുനേതാക്കളും ചേർന്ന് ഉദ്ഘാടനം ചെയ്യും. ഭൂട്ടാന്റെ നാലാമത്തെ രാജാവായ ജിഗ്മേ സിംഗ്യെ വാങ്ചുക്കിന്റെ 70-ാം ജന്മവാർഷികത്തോടനുബന്ധിച്ചുള്ള ആഘോഷങ്ങളിൽ പ്രധാനമന്ത്രി പങ്കെടുക്കും. ഭൂട്ടാൻ പ്രധാനമന്ത്രി ശ്രീ. ഷെറിംഗ് ടോബ്ഗെയുമായും പ്രധാനമന്ത്രി ചർച്ച ചെയ്യും.

3. പ്രധാനമന്ത്രിയുടെ സന്ദർശനവും ഇന്ത്യയിൽ നിന്നുള്ള ബുദ്ധഭഗവാന്റെ പവിത്രമായ പിപ്രഹവ തിരുശേഷിപ്പുകളുടെ പ്രദർശനവും ഒരേ സമയത്ത് വരുന്നു. തിംഫുവിലെ താഷിചോഡ്സോങ്ങിൽ വിശുദ്ധ തിരുശേഷിപ്പുകളിൽ പ്രധാനമന്ത്രി പ്രാർത്ഥന നടത്തുകയും ഭൂട്ടാൻ സർക്കാർ സംഘടിപ്പിക്കുന്ന ആഗോള സമാധാന പ്രാർത്ഥനാ ചടങ്ങിൽ പങ്കെടുക്കുകയും ചെയ്യും.

4.ആഴത്തിലുള്ള പരസ്പര വിശ്വാസം, സദ്ഭാവന, ബഹുമാനം എന്നിവയാൽ അടയാളപ്പെടുത്തിയ സവിശേഷവും മാതൃകാപരവുമായ പങ്കാളിത്തം ഇന്ത്യയും ഭൂട്ടാനും പങ്കിടുന്നു. ഇരുരാജ്യങ്ങളുടെയും പൊതുവായ ആത്മീയ പൈതൃകവും ജനങ്ങൾ തമ്മിലുള്ള ഊഷ്മളമായ ബന്ധവും പ്രത്യേക പങ്കാളിത്തത്തിന്റെ മുഖമുദ്രയാണ്. നമ്മുടെ ഉഭയകക്ഷി പങ്കാളിത്തം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ശക്തിപ്പെടുത്തുന്നതിനുമുള്ള മാർഗ്ഗങ്ങൾ

ചർച്ച ചെയ്യാനും പരസ്പരം താൽപ്പര്യമുള്ള പ്രാദേശികവും വിപുലവുമായ പ്രശ്നങ്ങളിൽ കാഴ്ചപ്പാടുകൾ കൈമാറാനും പ്രധാനമന്ത്രിയുടെ സന്ദർശനം ഇരുപക്ഷത്തിനും അവസരം നൽകും.

**ന്യൂഡൽഹി**

**നവംബർ 08, 2025**